بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 27/03/15

**(06 JAMADUL AAKHIR 1436 Hijiri)**

**Hazrat Khalifathullah Munir Ahmad Azim (A)**

## INNOCENT MULLAH ? / നിരപരാധിയായ മുല്ല ?

സലാമിനു ശേഷം തശഹ്ഹുദ്, തഅവ്വദ്, സൂറഃ അൽഫാത്തിഹ ഓതിയശേഷം, വിശുദ്ധ ഖുർ ആനിലെ താഴെപ്പറയുന്ന വാക്യം ഓതുകയുണ്ടായി.

ذَهَبَ اللَّهُ بِنُورِهِمْ وَتَرَكَهُمْ فِي ظُلُمَاتٍ لَا يُبْصِرُونَ ○

صُمٌّ بُكْمٌ عُمْيٌ فَهُمْ لَا يَرْجِعُونَ ○

അല്ലാഹു അവരുടെ പ്രകാശത്തെ എടുത്തുകളയുകയും (പലതരത്തിലുള്ള) അന്ധകാരങ്ങളിൽ അവരെ (ഒരു രക്ഷാമാർഗ്ഗവും) കാണാത്തവരായ നിലയിൽ വിടുകയും ചെയ്തു. അവർ ബധിരരും മൂകരും അന്ധരുമാകുന്നു. തന്മൂലം അവർ (സത്യത്തിലേക്ക്) മടങ്ങുകയില്ല. (2:18 – 19)

എന്നിട്ട് പറഞ്ഞു (മുല്ല ബശാറത്തു നവീദുമായി ബന്ധപ്പെട്ട വിഷയത്തിലേക്ക് വരുന്നതിനുമുമ്പായി ഹുസൂർ മറ്റൊരു അഹ്മദി മുല്ലായുടെ കാര്യം പരാമർശിക്കുകയുണ്ടായി. അദ്ദേഹവും തന്റെ കൂട്ടാളികളുമാണ്, യഥാർത്ഥത്തിൽ ഖലീഫത്തുൽ മസീഹിന് വേണ്ടി കല്പനകൾ പുറപ്പെടുവിക്കുന്നത്. അവരുടെ കൈകളിലെ ഒരു പാവ മാത്രമാണ് അദ്ദേഹം. ഖലീഫ വ്യക്തിപരമായി മറുപടി പറയുന്നതിനു പകരം, ഖലീഫത്തുല്ലായും ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളും നേർപാതയിൽ നിന്നും വ്യതിചലിച്ചിരിക്കുന്നുവെന്ന് അവനാണ് ശബ്ദമുയർത്തി പറയുന്നത്. **"ആ നല്ല മനുഷ്യൻ"** (അദ്ദേഹത്തിന്റെ ഖലീഫയ്ക്ക് പകരം) നമ്മെ നേർപാതയിലേക്ക് മടക്കിക്കൊണ്ടുവരുവാൻ നമുക്ക് വേണ്ടി അദ്ദേഹവും അദ്ദേഹത്തിന്റെ കൂട്ടാളികളുമാണ് പ്രാർത്ഥിക്കുന്നത്. ഹുസൂർ (അ) പറഞ്ഞു. അദ്ദേഹം ഇപ്പോൾ മുല്ല ബശാറത്ത് നവീദിനെ നേരിടുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്.! എന്നാൽ വളരെ പെട്ടെന്ന് ഈ മുല്ലായെയും നേരിടുന്നതിനും ഖണ്ഡിക്കുന്നതിനുമായി വരുന്നതാണ്. ഇൻശാ അല്ലാഹ് !)

ഈയിടെയായി നാം എന്താണ് കേൾക്കുന്നത് ? ബശാറത്ത് നവീദ് നിരപരാധിയായ നല്ല കുട്ടിയായി സ്വയം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. താൻ പറഞ്ഞ കാര്യങ്ങൾ പറഞ്ഞിട്ടേയില്ല എന്ന മട്ടിൽ ! തന്റെ പേരിൽ ഈ വൃത്തികെട്ട കാര്യം പറഞ്ഞു പരത്തിയത് ആരെന്ന് തിരയുകയാണ്. കാരണം, ആ നല്ല മനുഷ്യൻ, ഒരിക്കലും ഇതൊന്നും പറഞ്ഞിട്ടേയില്ല ! എന്നാൽ അയാൾക്കറിയില്ലാ, നമ്മുടെ കയ്യിൽ, ശക്തമായ തെളിവ് അയാൾക്കെതിരിലുണ്ടെന്ന് ! അയാൾ ഇപ്പോൾ പറയുന്നത്, അയാളുടെ മുമ്പിൽ, പറഞ്ഞ ആളിനെ ഹാജരാക്കാൻ ! നേരിട്ട് ബോധ്യപ്പെടാൻ ! ആരോടാണ് പറഞ്ഞതെന്ന് അയാളെ ചോദ്യം ചെയ്യാൻ ! ഇപ്പോൾ നമ്മളാണ് അയാളുടെ മുൻപിൽ ആ വ്യക്തിയെ ഹാജരാക്കേണ്ടത്. അയാൾക്ക് നമ്മെ ബഹിഷ്ക്കരിക്കുവാനുള്ള ആജ്ഞയുണ്ട്, നമ്മോട് സലാം പറയുവാനുള്ള അനുവാദവുമില്ല, നമ്മെ ക്ഷണിക്കുവാനുള്ള അനുവാദവുമില്ല, എന്നാൽ ഇപ്പോൾ അയാൾ ക്ഷണിക്കുന്നു. ഞാൻ പറഞ്ഞ വ്യക്തിയെ അയാളുടെ മുമ്പിൽ ഹാജരാക്കുവാൻ. അയാൾ അയാളുടെ ഓഫീസ് കസേരയിൽ ഇരിക്കാം (ഒരു നല്ല കുട്ടിയെപ്പോലെ) ദാറുസ്സലാമിൽ അയാളുടെ മുൻപിൽ ആ വ്യക്തിയെ ഹാജരാക്കുവാൻ നാം അവിടെ ചെല്ലണം !

അദ്ദേഹം മൊഴിഞ്ഞ മോശം വാക്കുകളെ ഖണ്ഡിച്ചപ്പോൾ, ഇപ്പോൾ അയാൾ അംഗീകരിക്കുവാൻ തയ്യാറായിരിക്കുന്നു. ബ്രിട്ടനിൽ ചെയ്ത ആ പ്രവർത്തി ഒരു നല്ല പ്രവർത്തിയായിരുന്നു; അയാൾ പറയുവാനും തയ്യാറായിരിക്കുന്നു. **“ നിങ്ങൾ ചെയ്ത നല്ല പ്രവർത്തിക്ക് അല്ലാഹു നിങ്ങൾക്ക് നല്ല ഫലം നൽകട്ടെ ”**

താൻ വിരിച്ച കള്ളങ്ങളുടെ വലയിൽ നിന്നും സ്വയം മോചിതനാകുവാൻ ശ്രമിക്കുകയാണ്. അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ പറഞ്ഞതുപോലെ **“അവർ ജനങ്ങളിൽ നിന്ന് മറച്ചു വെയ്ക്കുന്നു. (അവരുടെ മോശം പ്രവർത്തികളെയും ഉദ്ദേശ്യങ്ങളെയും) എന്നാൽ അവർക്ക് അല്ലാഹുവിൽ നിന്ന് (അവ മറച്ചു വയ്ക്കുവാൻ കഴിയുകയില്ല”**

താൻ ഈ വാക്കുകൾ മറ്റൊരാളുമായി പങ്കുവയ്ക്കുമ്പോൾ, അവർക്കിടയിൽ അല്ലാഹു ഉണ്ടായിരുന്നു എന്ന കാര്യത്തെക്കുറിച്ച് അയാൾ ചിന്തിച്ചില്ല. അല്ലാഹു (ത) അൽപം പോലും ഇഷ്ടപ്പെടാത്ത വാക്കുകളാണ് നിശ്ചയമായും അയാൾ ഉപയോഗിച്ചത്.! വാഗ്ദത്ത മസീഹ് (അ) ന്റെ അധ്യാപനങ്ങളെ ചവിട്ടിമെതിക്കുന്ന, ഈ ഗണത്തിൽപ്പെടുന്ന അനേകം വിഡ്ഢികൾ ബശാറത്ത് നവീദിനെപ്പോലെ മുല്ല ഗണത്തിൽ കാണാവുന്നതാണ്. വാഗ്ദത്ത മസീഹ് (അ) ന്റെ അദ്ധ്യാപനങ്ങൾ മാത്രമല്ല, വിശുദ്ധ ഖുർആന്റെയും നബി (സ) യുടെ വചനങ്ങളെയും അവർ ചവിട്ടിമെതിക്കുകയാണ്.

വാഗ്ദത്ത മസീഹിന്റെ ജമാഅത്തിൽ ഇത്തരത്തിലുള്ള മുല്ലാക്കളെയാണ് നിങ്ങൾ കാണുന്നതെങ്കിൽ, നിങ്ങൾക്ക് മനസ്സിലാകും, വാഗ്ദത്ത മസീഹ് (അ) ന്റെ അദ്ധ്യാപനങ്ങളെ അവർ എത്രമാത്രം അവമതിച്ചിരിക്കുന്നുവെന്ന്. അതുകൊണ്ടാണ് അല്ലാഹു (ത) ഈ വിനീതനെ അവന്റെ ഖലീഫയായി മുഹ്‌യിദ്ദീനായി എഴുന്നേൽപ്പിച്ചത്, ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെ നവീകരിക്കുവാനും, ശുദ്ധീകരിക്കുവാനുമായി. എന്നാൽ ദൗർഭാഗ്യവശാൽ, ഈ നൂറ്റാണ്ടിൽ, ഭൂമിയിൽ അവന്റെ പ്രകാശം അയച്ചപ്പോൾ, ആ പ്രകാശം സ്വീകരിച്ച്, അവർ സ്വയം പ്രകാശം പരത്തുന്നവരായി തീരുന്നതിനു പകരം, ആ പ്രകാശം അവരെ അന്ധന്മാരാക്കി തീർത്തു. അവരുടെ കാഴ്ചശക്തി നഷ്ടമായി. ആ ദൈവീക പ്രകാശം അവർക്ക് കാണാൻ കഴിയുന്നില്ല; അങ്ങനെ അവരുടെ വിഡ്ഢിത്തത്താൽ, അവർ അസംബന്ധങ്ങൾ പുലമ്പുകയാണ്.

ബശാറത്ത് നവീദ് വിചാരിക്കുന്നത്, അദ്ദേഹം ഇപ്പോഴും പാകിസ്ഥാനിലാണെന്നാണ്. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ വായിൽ തോന്നുന്നത് പറയാമെന്നാണ് ! മൗറീഷ്യസിൽ ജോലി ചെയ്യാൻ വരുന്നതിനു മുമ്പ് പഠിച്ച വാക്കുകളാണിത്.! ഇതാണോ വാഗ്ദത്ത മസീഹ് (അ) തന്റെ ജമാഅത്തിലെ ആളുകളെ പഠിപ്പിച്ചത് ? വാഗ്ദത്ത മസീഹ് (അ) ന്റെ അദ്ധ്യാപനങ്ങൾ എന്താണെന്ന് ശരിക്കും നിങ്ങൾക്കറിയാമോ ? അറിയാമായിരുന്നെങ്കിൽ ഈ വിഡ്ഢിത്തങ്ങൾ എഴുന്നെള്ളിക്കില്ലായിരുന്നു. അദ്ദേഹം നിശബ്ദത പാലിക്കുമായിരുന്നു. അദ്ദേഹത്തിന് ഇത്തരം വാക്കുകൾ പറയുവാൻ കഴിയുമായിരുന്നില്ല. അതായത് **“ഇസ്ലാമിൽ, ആവശ്യമുണ്ടെങ്കിൽ ഒരാൾക്ക് പന്നിമാംസം കഴിക്കാവുന്നതാണ്”** എന്ന്. ജനങ്ങൾക്ക് ദോഷമുണ്ടാകുന്നതാണ് അദ്ദേഹം പഠിച്ചിരിക്കുന്നത് ; ജനങ്ങൾക്ക് ക്ഷേമമുണ്ടാകുന്നതൊന്നും പഠിച്ചിട്ടുമില്ല. അദ്ദേഹം സ്വയം വിഡ്ഢിയാണെന്ന് തെളിയിച്ചിരിക്കുകയാണ്; ഭീരുവാണെന്ന് തെളിയിച്ചിരിക്കുന്നു; പേരിൽ മാത്രം ഒരു മുല്ല! ഒരു കാര്യവുമില്ലാതെ വഴക്കുണ്ടാക്കുന്നവൻ. മൗറീഷ്യസിലെ അഹ്മദിയ്യാ ജമാ അത്തിന് ഇത്തരം മുല്ലാക്കൾ എന്ത് അദ്ധ്യാപനങ്ങളാണ് നൽകുന്നത് ? ഈ ബശാറത്ത് നവീദിനെപ്പോലുള്ള മുല്ലാക്കളുടെ ചിന്താശക്തിയെ നിങ്ങൾ വിശകലനം ചെയ്താൽ, ഈ ചിന്താധാര നിങ്ങൾക്ക് യാതൊരു പ്രയോജനവും ചെയ്യില്ലായെന്ന് മനസ്സിലാകും. പകരം നിങ്ങളെ അജ്ഞതയിലേക്കായിരിക്കും, വിശ്വാസമില്ലായ്മയിലേക്കായിരിക്കും കൊണ്ട് എത്തിക്കുന്നതെന്നും മനസ്സിലാകും. ഇതെല്ലാം സംഭവിക്കുന്നത് അദ്ദേഹത്തിന്റെ ഹൃദയത്തിലെ അസൂയ കൊണ്ടാണ്. ദൈവീക ദൃഷ്ടാന്തത്തിൽ നിങ്ങൾക്ക് വിശ്വാസമുണ്ടാകാതിരിക്കുവാനുള്ള മുൻ കരുതലുകളാണ് ! മറിച്ച് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ സദ്ർ സാഹിബ ചെയ്ത ത്യാഗം, അവരുടെ ശരീരം പരിപൂർണ്ണമായും അല്ലാഹുവിന് സമർപ്പിക്കുകയായിരുന്നു. അവർ ചെയ്ത പ്രവർത്തി, തങ്ങളുടെ കുടുംബാംഗങ്ങൾക്കോ, മക്കൾക്കോ പോലും പലരും ചെയ്യാൻ തയ്യാറാകാത്ത പ്രവർത്തിയാണ് ! നിശ്ചയം, അവരുടെ പ്രതിഫലം അല്ലാഹുവിലാണ്. ഇത്തരം ആളുകൾക്ക് (വിശ്വാസികൾക്ക്) ഇത്തരം ത്യാഗങ്ങൾ ചെയ്യുന്നതിന് അശേഷം ഭയമുണ്ടായിരിക്കില്ല. അവർ വിഷമിക്കുകയോ, ദുഃഖിക്കുകയോ ചെയ്യുന്നതുമല്ല. **“ഞാൻ ഈ**

**ത്യാഗം ചെയ്തു ഇപ്പോൾ എന്റെ ആരോഗ്യം മുമ്പുണ്ടായിരുന്നതു പോലില്ല.''** എന്ന് ആവലാതിപ്പെടുന്നതുമല്ല. മറിച്ച്, അവർക്കറിയാം അവരുടെ മേലുള്ള അവരുടെ ആരോഗ്യത്തിന്റെ സമ്പൂർണ്ണ അധികാരം അല്ലാഹുവിന് മാത്രമുള്ളതാകുന്നു; വിശുദ്ധ ഖുർ ആനിൽ അല്ലാഹു (ത) പറഞ്ഞത് പോലെ **''അല്ലാഹു എല്ലാ കാര്യത്തിനും കഴിവുറ്റവനാണ്.''** (2: 107)

ഒരു അഹ്മദി മുല്ല ഉപയോഗിച്ച വാക്കുകൾ കാണുമ്പോൾ സഹതാപം തോന്നുന്നു. (അദ്ദേഹം അതുപയോഗിക്കാൻ പാടില്ലായിരുന്നു.) അജ്ഞൻമാർക്ക് മാത്രം ജല്പിക്കാവുന്ന വാക്കുകളാണവ. ദൈവീക ദൃഷ്ടാന്തത്തെ ആർക്കാണ് വെറുക്കുവാൻ കഴിയുക ? ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിക്കുന്ന ഒരാളെ ആർക്കാണ് വെറുക്കുവാൻ കഴിയുക ? അല്ലാഹുവിന്റെ ഈ വിനീത ദാസനെ ആർക്കാണ് വെറുക്കുവാൻ കഴിയുക ? തങ്ങളുടെ തന്നെ വിഡ്ഢിത്തം മറ നീക്കിയവർക്കല്ലാതെ (മറ്റാർക്കെങ്കിലും കഴിയുമോ ?)

ബശാറത്ത് നവീദ് പറഞ്ഞതിനെക്കുറിച്ചും ആഴത്തിൽ ചിന്തിക്കുവാൻ വിശുദ്ധ ഖുർആനിലെ ഒരു വചനം ഉദ്ധരിക്കുകയാണ്. ഈ വചനം അറിയാമായിരുന്നെങ്കിൽ, അദ്ദേഹം ഈ വിഡ്ഢിത്ത വാക്കുകൾ പുലമ്പില്ലായിരുന്നു. **''നല്ല വാക്ക് പറയുന്നതും (തെറ്റു കുറ്റങ്ങൾ) മാപ്പ് ചെയ്തു കൊടുക്കുന്നതും ഉപദ്രവ വാക്കുകൾ പിൻ തുടരുന്ന ദാനധർമ്മത്തെക്കാൾ ഉത്തമമാകുന്നു. അല്ലാഹു സ്വയം പര്യാപ്തനും സഹിഷ്ണുതയുള്ളവനുമാകുന്നു.''** (2:264)

മൗറീഷ്യസ് ജമാഅത്ത് അഹ്മദിയ്യായും, അന്തർദേശീയ ജമാഅത്ത് അഹ്മദിയ്യായും, മറ്റെല്ലാജമാഅത്തുകൾക്കും, എല്ലാ നിലയിലും മാതൃക കാണിക്കേണ്ടതാണ്. എന്നാൽ ദൗർഭാഗ്യവശാൽ, അവർ അതിന്റെ മാതൃകകളല്ലാ. **''എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്''  എന്ന ശിലാഫലകങ്ങൾ പള്ളികളിലും, സ്റ്റിക്കേഴ്സിലും, ടീ ഷർട്ടുകളിലും, വീടിന്റെ കതകുകളിലും തട്ടുകളിലും പതിപ്പിച്ചിട്ടുണ്ടെങ്കിലും ! അവർ പറയുന്നതും കാണിക്കുന്നതും ജനങ്ങൾ പ്രവർത്തി പഥത്തിൽ കൊണ്ടു വരുന്നില്ല. എന്നാൽ മറിച്ച്, എല്ലാവരോടും വെറുപ്പ് (ദൈവീക ദൃഷ്ടാന്തം സ്വീകരിച്ചവരോട്) ആരോടുമില്ല സ്നേഹം''** . അത്തരത്തിലുള്ള നിസ്സഹകരണം നിങ്ങൾ കാണുമ്പോൾ, എല്ലാ അഹ്മദികളും, കുടുംബാംഗങ്ങളെപ്പോലും, ഭയപ്പെടുത്തുന്ന, ഭീഷണിപ്പെടുത്തുന്ന തരത്തിൽ പ്രവർത്തിക്കുമ്പോൾ, സൃഷ്ടാവിനെക്കാൾ സൃഷ്ടിയെ ഭയപ്പെടുന്ന തരത്തിലേക്ക് അവരെ കൊണ്ടെത്തിക്കുന്നു. അങ്ങനെ അവർ നിസ്സഹകരണം പ്രാവർത്തികമാക്കുന്നു.

എന്തൊരു നാണക്കേടാണ് ! ഈ എല്ലാ ശിലാഫലകങ്ങളും നീക്കം ചെയ്യേണ്ടതാണ്. അവർ ഒരു രേഖ ഉണ്ടാക്കേണ്ടതാണ്. അവരിൽ വിനയമുള്ളവർ ആരാണ് ? മുത്തഖീങ്ങൾ ആരാണ് ? ആരെയാണ് നേർമാർഗ്ഗത്തിൽ ചരിക്കുന്നവർ എന്നു പറയുക ? നല്ല ആളുകൾ ആരാണ് ? ചീത്ത ആളുകൾ ആരാണ് ? ഇത് കൽപ്പിക്കുന്നത് ആരാണ് ? അല്ലാഹു (ത)യുടെയും റസൂൽ (സ) യുടെയും വാഗ്ദത്ത മസീഹ് (അ) ന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതാരാണ് എന്ന് ആരു പറയും ? എന്തായാലും ഈ അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നവർ, അവർ ഉന്നതി പ്രാപിക്കുകയും ദൈവീക അനുഗ്രഹങ്ങൾക്ക് പാത്രമാവുകയും ചെയ്യും. മൗറീഷ്യസിലെ ഒരു വാർഷിക സമ്മേളനത്തിൽ പറഞ്ഞ ഭൗതിക അനുഗ്രഹങ്ങൾക്കല്ലാ ! അതായത് റൈസ് കുക്കേഴ്സ്, വാഷിംഗ് മെഷീൻ, കാറുകൾ തുടങ്ങിയവ.

അവർ വിഭാഗീയത സൃഷ്ടിക്കുന്നവരായിരിക്കാൻ പാടില്ലായിരുന്നു. വ്യക്തമായ തെളിവുകൾ ലഭിച്ച ശേഷം തർക്കിക്കുന്നവരുമായിരിക്കാൻ പാടില്ലായിരുന്നു. അവർ പരുഷ പ്രകൃതക്കാരുമാകരുതായിരുന്നു. സ്വയം വലിയ ബുദ്ധിമാനാണെന്ന് കരുതരുതായിരുന്നു. അഗാധജ്ഞാനമുള്ളവനാണെന്നും കരുതരുതായിരുന്നു ! വലിയ പണക്കാരനാണെന്നും കരുതരുതായിരുന്നു ! വലിയ കുടുംബത്തിൽപ്പെട്ടവനാണെന്നും കരുതരുതായിരുന്നു. സാധാരണ ആളുകളെ മോശക്കാരായും കാണരുതായിരുന്നു അവർ. ഒരു കുടുംബ മഹിമയും ഇല്ലാത്തവരാണെന്നും കരുതരുതായിരുന്നു. അവരെ മറ്റൊരു കണ്ണുകൊണ്ട് കാണുകയും ചെയ്യരുതായിരുന്നു. ഈ ഖുർ ആൻ വചനത്തെക്കുറിച്ച് ചിന്തിക്കുക. അല്ലാഹു (ത) പറയുന്നു. **'' ആദിവസം ചില മുഖങ്ങൾ പ്രകാശമാനങ്ങളായിരിക്കും; മറ്റു ചില മുഖങ്ങൾ കറുത്തിരുണ്ട് ഇരിക്കും.''**

മനസ്സിലാക്കുക ! അല്ലാഹു (ത) നിങ്ങളുടെ മുഖങ്ങളെ കറുത്തിരുണ്ടതാക്കുമ്പോൾ, നിങ്ങളുടെ മേൽ അപമാനം പെയ്തിറുങ്ങുമ്പോൾ, നിങ്ങൾ എവിടെയായിരുന്നാലും ! ആയതിനാൽ നിങ്ങളുടെ പ്രവർത്തനങ്ങൾ പരുഷതയിലൂടെയും, വെറുപ്പിലൂടെയും അസൂയയിലൂടെയും പ്രകടമാക്കുമ്പോൾ, നിങ്ങൾക്ക് അധികാരമുള്ളതുകൊണ്ടാണ് നിങ്ങൾ ഇത് കാണിക്കുന്നത്, അധികാര കേന്ദ്രത്തിൽ ഒരാളാണ് നിങ്ങൾ - നിങ്ങൾ കല്പിക്കുന്നത് നടപ്പാക്കപ്പെടുന്നു. സമ്പൂർണ്ണ അധികാരവും അധികാര കേന്ദ്രവും അല്ലാഹു മാത്രമാണ് എന്നത് നിങ്ങൾ മറന്നു പോകുന്നു. അല്ലാഹു ഒരുവനെ പിടികൂടുമ്പോൾ, അവൻ, അവനെ സമ്പൂർണ്ണമായും പിടിക്കുന്നു. ആ നിമിഷത്തിൽ, ഒരു പട്ടിക്ക് പോലും നിങ്ങളെക്കാൾ സ്ഥാനം കാണും. നിങ്ങൾക്കൊരിക്കൽ ഉണ്ടായിരുന്ന മാന്യതയും ബഹുമാനവും എല്ലാം നഷ്ടപ്പെടും. നിങ്ങളുടെ പ്രവർത്തിക്കൊണ്ട് മാത്രമാണ് അത് നഷ്ടപ്പെടുന്നത്. നിങ്ങളിലുള്ള പാരുഷ്യം കൊണ്ടാണ് അത് സംഭവിക്കുന്നത് ; ആ പരുഷതയാൽ, നിങ്ങളുടെ ശരീരത്തെ മോടിപ്പിടിപ്പിച്ച്, ഗമയിൽ നടന്ന്, നിങ്ങൾ ഭൂമിയെ പിളർത്താൻ കഴിവുള്ളവനാണെന്ന ഭാവേന ! മാത്രമല്ല, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിങ്ങൾ നിരസിക്കുന്നു, അവയുടെ നേരെ പുറം തിരിഞ്ഞു നിൽക്കുകയും ചെയ്യുന്നു. ദൈവീക ദൃഷ്ടാന്തത്തിനെതിരിൽ നിങ്ങൾ അത്തരം പ്രവർത്തികൾ ചെയ്യുമ്പോൾ, നിങ്ങൾ മനസ്സിലാക്കുന്നില്ല, നിങ്ങൾ ഇത് ചെയ്യുമ്പോൾ, അല്ലാഹുവിന്റെ കോപം നിങ്ങളിലേക്ക് വലിച്ചടുപ്പിക്കുകയാണെന്ന് ! അല്ലാഹുവിന്റെ കോപം വലിച്ചടിപ്പിച്ചവരെ, മൗറീഷ്യസിൽ തന്നെ വെറുതെ വിട്ടിട്ടില്ലാ എന്നതിന് നിങ്ങൾ സാക്ഷിയാണ്.

നിങ്ങൾ മനസ്സിലാക്കണം. അധികാര കസേരയിൽ മനുഷ്യന് എന്നും പറ്റിപ്പിടിച്ചിരിക്കുവാൻ സാധിക്കുകയില്ലായെന്ന്. തങ്ങളെ അധികാരത്തിൽ നിന്ന് മാറ്റുവാൻ, ആർക്കും സാധ്യമല്ല എന്ന് കരുതുന്നവരുണ്ട്. കാരണം അവരുടെ മനസ്സിൽ അത് അങ്ങനെ രൂപപ്പെട്ടിരിക്കുകയാണ്; അവർ വളരെയധികം അധികാരമുള്ളവരാണെന്ന് ! ഒരു സൃഷ്ടാവുണ്ട് എന്ന കാര്യം അവർ പൂർണ്ണമായും വിസ്മരിച്ചിരിക്കുകയാണ്. അവന് അധികാരത്തിന്റെ കസേരയിൽ നിന്നും അവരെ മാറ്റുവാൻ കഴിവുറ്റവനാണ് എന്നതും മറന്നിരിക്കുന്നു. ആയതിനാൽ, ഇത്തരം ആളുകൾ അല്ലാഹുവിന്റെ ക്രോധം അവരിലേക്ക് വിളിച്ചു വരുത്തുന്നു. അങ്ങനെ അവരിൽ പ്രയാസങ്ങൾ വന്നിറങ്ങുന്നു. ഇതിന്റെ കാരണം അവർ അല്ലാഹുവിന്റെ അടയാളങ്ങളെ നിരസിച്ചവരായിരുന്നു. അവരുടെ സൃഷ്ടാവിനെ അവർ അനുസരിച്ചില്ല; അവർ എല്ലാ പരിധികളും വിട്ടുപോയിരിക്കുന്നു.

(ഇത്തരം ആൾക്കാരെ / മുല്ലാക്കളെ / അമീർമാരെ ഏക തൊഴിലുടമകളായി കാണുകയും, താനും (തന്റെ പ്രതിനിധികളും) കരുതുന്നത് എല്ലാ അഹ്മദികളും ജമാഅത്ത് അഹ്മദിയ്യായിലെ കുടികിടപ്പുകാരായും കണക്കാക്കുന്നു. തൊഴിലുടമ തങ്ങളെ ഒഴിവാക്കി കൊണ്ട് ഒരു കഷണം കടലാസ് / നോട്ടീസ് തന്നാൽ ഒഴിവായി കിട്ടും. ഇതുപോലെ ജമാഅത്ത് അഹ്മദിയ്യായിലെ അംഗങ്ങളെ ഒരു നോട്ടീസ് കൊടുത്തു ഒഴിവാക്കാമെന്ന് കരുതുന്നു. അഹ്മദികൾ കൊടുക്കുന്ന ചന്ദയും മറ്റു ഫണ്ടുകളും ഒന്നും കണക്കിലെടുക്കാതെ, കുടിയാന്മാരെ ഒഴിപ്പിക്കുന്നതുപോലെ ഒഴിവാക്കാമെന്ന് കരുതുന്നു) എന്നും ഹുസൂർ പ്രഭാഷണമദ്ധ്യേ പറയുകയുണ്ടായി)

അനേകം അഹ്മദികളും, ഇസ്ലാമിന്റെ പരിധിവിട്ട് പ്രവർത്തിക്കുന്ന ഈ അധികാരികളെ അനുസരിക്കുകയാണ് ! സത്യം ഒളിച്ചുവെയ്ക്കുവാൻ ഭീഷണിപ്പെടുത്തുന്നവരാണവർ. അതുകൊണ്ട് ബഹിഷ്ക്കരണവും, നടപടികളും അവർക്കെതിരിൽ എടുക്കുകയുമില്ല. അധികാരത്തിലുള്ള ഇവർ ഹസ്രത്ത് മുഹമ്മദ് (സ) ന്റെയും ഹസ്രത് വാഗ്ദത്ത മസീഹ് (അ) ന്റെയും അധ്യാപനങ്ങൾക്കപ്പുറം പ്രവർത്തിക്കുന്നവരാണ്. അഹ്മദികൾ അവരോടുള്ള ഭയം കൊണ്ടോ, അജ്ഞതകൊണ്ടോ ഈ അധികാരികളെ അവരുടെ വിഗ്രഹങ്ങളായി കാണുന്നു. ദൗർഭാഗ്യവശാൽ അല്ലാഹുവിനെക്കാളും അവരുടെ ഈ വിഗ്രഹങ്ങളെ അവർ ഭയപ്പെടുന്നു. ഈ ആളുകൾ (അതായത് അധികാരത്തിലുള്ളവർ) അവരുടെ അധികാര ഗർവ്വും ശത്രുതയും വിദ്വേഷവും, യഥാർത്ഥ ദൈവ സ്നേഹവും ഭയവും തങ്ങളുടെ ഹൃദയങ്ങളിൽ സൂക്ഷിക്കുന്ന വിശ്വാസികളുടെ മേൽ, ദൈവീക അധ്യാപനങ്ങളെ ചവിട്ടിമെതിക്കുന്ന ഇവരെ ഭയപ്പെടാത്ത വിശ്വാസികൾക്കെതിരിൽ, നിങ്ങളെ ഉപയോഗപ്പെടുത്തുന്നത് അവസാനിപ്പിക്കുകയില്ല. ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചവരുടെ മേൽ പതി

ക്കുന്ന ദൗർഭാഗ്യം കാണാൻ കാത്തിരിക്കുന്നവരാണവർ. അവരുടെ ശത്രുത അവരുടെ നാവുകളിൽ നിന്നും പുറത്തു വന്നിരിക്കുന്നു. മുല്ല ബശാറത്ത് നവീദിനെപ്പോലുള്ളവരുടെ നാവിൽ നിന്നും ! ഇത്തരം സാഹചര്യങ്ങളിൽ അവരുടെ ഹൃദയങ്ങളുടെ അടിത്തട്ടിൽ ഒളിച്ചുവച്ചിരിക്കുന്ന ശത്രുത പ്രകടമാക്കുന്നതാണ്. ദൈവീക ദൃഷ്ടാന്തത്തിനെതിരിൽ ! അല്ലാഹു ഉയർത്തുകയും അവൻ തെരെഞ്ഞെടുത്ത ദാസന്റെ മേലും അവൻ നൽകിയ ദൈവീക വെളിപാടുകൾക്കെതിരിലുമുള്ള രോഷപ്രകടനം കാണുവാൻ കഴിയും ! അങ്ങനെ അവർ സത്യത്തെ അസത്യവുമായി കലർത്തുന്നു. എന്നിട്ടവർ പറയും. നാം ജമാഅത്തിൽ കുഴപ്പമുണ്ടാക്കുന്നുവെന്ന്. ! അല്ലാഹു (ത) തന്റെ ദാസനെ തെരഞ്ഞടുക്കുകയും അവൻ വെളിപാടുകൾ നൽകുകകയും ചെയ്യുന്നു. അവർ പറയുന്നു അത് **"ഫിത്ന"** ആണെന്ന് ; എന്നിട്ട് അവർ ബഹിഷ്ക്കരണം ഏർപ്പെടുത്തുന്നു. കുടുംബ രക്തബന്ധങ്ങൾ പോലും പുലർത്തരുതെന്ന് പറയുന്നു. ദൈവീകദൃഷ്ടാന്തങ്ങൾ ലഭിച്ച വിശ്വാസികളുമായി ഇടകലർന്ന് പ്രവർത്തിക്കരുത് ! യഥാർത്ഥത്തിൽ അവരാണ് ജമാഅത്തിൽ ഏറ്റവും വലിയ ഫിത്ന ഉണ്ടാക്കുന്നത് !

അല്ലാഹു (ത) പറയുന്നതുപോലെ **"നിങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കരുത് എന്ന് പറയപ്പെട്ടാൽ, അവർ പറയും, ഞങ്ങൾ സമാധാനം ഉണ്ടാക്കുന്നവർ മാത്രമാണ്."** അപ്പോൾ തന്നെ അല്ലാഹു (ത) അവർക്ക് മറുപടി നൽകുന്നു. **"അവർ പറയുന്നത് ശരിയല്ല, അവർ അവർ തന്നെയാണ് കുഴപ്പകാരികൾ. എന്നാൽ അവർ (ഈ സത്യം) അറിയുന്നില്ല."** ഇത്തരം ആളുകളുടെ ഹൃദയങ്ങളിൽ മറച്ച് വയ്ക്കുന്നത് ഏറ്റവും മേശമായതാണ്. അവർ അല്ലാഹുവിനെയും വിശ്വാസികളെയും വിഡ്ഢികളാക്കാൻ ശ്രമിക്കുകയാണ്; എന്നാൽ അവർ തങ്ങളെതന്നെയാണ് വിഡ്ഢികളാക്കുന്നത്. അവരുടെ പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങൾ അവർ മനസ്സിലാക്കുന്നില്ല. അവരുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ട്. (എന്തുകൊണ്ട് ?) ഒരാൾ പറയുന്നു അയാൾക്ക് ദൈവീക വെളിപാടുകൾ ലഭിക്കുന്നുവെന്ന്. എന്നാൽ ഒരാൾക്ക് വെളിപാടുകൾ ഉണ്ടാകുമെന്ന് കരുതുന്ന ആൾക്ക്, വെളിപാടുകൾ ഉണ്ടാകുന്നുവെന്ന് അദ്ദേഹം പറയുന്നതുമില്ല. ആയതിനാൽ അവരുടെ രോഗങ്ങൾ വർദ്ധിതമായിരിക്കുന്നു.

ഞാൻ നിങ്ങളുടെ മുമ്പാകെ വിശുദ്ധ ഖുർആനിലെ ഈ വചനങ്ങൾ സമർപ്പിക്കുന്നു. **" പറയുക നിശ്ചയമായും എല്ലാ അനുഗ്രഹവും അല്ലാഹുവിന്റെ കയ്യിലാണ്. താനുദ്ദേശിക്കുന്നവർക്ക് അവനത് നൽകുന്നു. അല്ലാഹു (ഔദാര്യത്തിൽ) വളരെ വിശാലതയുള്ളവനും എല്ലാ കാര്യങ്ങളും അറിയുന്നവനുമാകുന്നു." (3:74)**

**"തന്റെ കാരുണ്യം താനുദ്ദേശിക്കുന്നവർക്ക് അവൻ പ്രത്യേകമായി നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹത്തിന്റെ നാഥനാകുന്നു."** (3:75) ഉപസംഹാരമായി ഞാൻ സത്യാന്വേഷകരോട് പറയുന്നു **"അല്ലാഹുവിൽ സത്യ വിശ്വാസികൾ ഭരമേൽപ്പിക്കുന്നു."**


**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 9495207982 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************